# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.06.2014 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 993**

## അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | കുട്ടികളുടെ കുറവു മൂലം വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്ന അവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം എത്ര വിദ്യാലയങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സ്കൂളുകൾ അടച്ചു പൂട്ടുന്ന പ്രവണത ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നില്ല. ഒരു സ്കൂളും അടച്ചു പൂട്ടരുത് എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇത്തരം ഭീഷണി നേരിടുന്ന സ്കൂളുകളെ സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (ബി) | അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വിദ്യാലയങ്ങൾ സംബന്ധിച്ച് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കുട്ടികളുടെ കുറവുമൂലം അംഗീകാരം നഷ്ടപ്പെടാനിടയുള്ള ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾക്കെല്ലാം ചട്ടങ്ങളിൽ ഇളവു നൽകി പ്രവർത്തനാനുമതി നൽകുന്നുണ്ട്. ഒരു സ്കൂളും പൂട്ടുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. |
| (സി) | പഠന പരിശീലന നിലവാരം ഉയർത്തി ഇത്തരം വിദ്യാലയങ്ങൾ നിലനിർത്താൻ നടപടികൾ സ്വീകരിക്കുമോ; എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | അദ്ധ്യാപക രക്ഷകർത്തൃസമിതികൾ ശക്തിപ്പെടുത്തിക്കൊണ്ട് സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ഉയർത്തിയും, പഠന നിലവാരം ഉയർത്താനുതകുന്ന പാഠ്യ പദ്ധതികൾ ആവിഷ്കരിച്ചും, പ്രത്യേക പരിഗണനകൾ നൽകിയും സ്കൂളുകൾ നിലനിർത്തുന്നതിനുള്ള തീവ്ര യജ്ഞം നടന്നു വരികയാണ്. ഇക്കാര്യത്തിൽ അതാത് പ്രദേശത്തെ ജനങ്ങളും, ജനപ്രതിനിധികളും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സ്കൂൾ അധികൃതരും ചേർന്നുള്ള കൂട്ടായ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ